നെടുങ്കണ്ടം 66 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി

14 (4622) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുങ്കണ്ടത്തെ 66 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുമോ ;

(ബി) കെ. വി. ലൈൻ കടന്നുപോകുന്ന കാർഷിക മേഖലയിലെ എത്ര ഭൂമി ഉടമകൾക്ക് നഷ്ടപരിഹാരം നൽകുവാനുണ്ട് ; ഇത് എത്ര തുക വരും ; നഷ്ടപരിഹാര തുക എത്ര പേർക്ക് നൽകി ; ഇനി എത്രപേർക്ക് നൽകുവാനുണ്ട് ;

(സി) നഷ്ടപരിഹാര തുക നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) സബ് സ്റ്റേഷന്റെ കമ്മിഷനിംഗ് മുൻ നിശ്ചയപ്രകാരം നടക്കുമെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; കമ്മിഷനിംഗ് എന്ന് നടത്താൻ കഴിയുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ പ്രസരണ വിതരണ മേഖല ശക്തിപ്പെടുത്തുന്നതിനായി ഉടുമ്പൻചോല താലൂക്കിൽ പാമ്പാടുംപാറ പഞ്ചായത്തിൽ ബോർഡിന്റെ 4.75 ഏക്കർ സ്ഥലത്ത് 66 കെ. വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഇതിലേക്കായി കെ.പി.എഫ്.സി. ഫണ്ടിൽ ഉൾപ്പെടുത്തി 722 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അനുവദിക്കുകയും ചെയ്തു. സൈറ്റ് ലെവലിംഗും ചുറ്റുമതിൽ നിർമ്മാണവും പൂർത്തിയായി. കൺട്രോൾ റൂം നിർമ്മാണത്തിനുവേണ്ടി ടെണ്ടർ വിളിച്ചു. യാർഡ് ഉപകരണങ്ങളും സ്ട്രക്ചറും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. റോഡിന്റെയും ഓടയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) 66 കെ. വി. ലൈൻ പണിയോടനുബന്ധിച്ച് പുനർ നിർണ്ണയം നടത്തിയപ്പോൾ 186 ഭൂവുടമകൾക്ക് നഷ്ട പരിഹാരം നൽകുവാനുണ്ട്. ഒരു കോടിരൂപയോളം നഷ്ടപരിഹാരം നൽകുവാനുണ്ട്. ഫണ്ടിന്റെ അഭാവംമൂലം ഇതേവരെ ആർക്കും തുക നൽകാൻ സാധിച്ചിട്ടില്ല.

(സി) പ്രസ്തുത ലൈൻ കടന്നുപോകുന്ന സ്ഥലത്ത് പട്ടയം ഉള്ള 92 പേരുടെ ബിൽ പാസ്സാക്കിയിട്ടുണ്ട്. പട്ടയമില്ലാത്ത 94 പേരുടെ നഷ്ടപരിഹാരം സംബന്ധിച്ച് ഇടുക്കി ജില്ലാ കളക്ടറുടെ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) സബ് സ്റ്റേഷൻ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ചെയ്യുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ട്രാൻസ്ഫോർമർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സബ് സ്റ്റേഷൻ 30-9-2003-ൽ കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly